(1)	(2)	(3)
കോഴിക്കോട്	456	15
വയനാട്	285	862
കണ്ണൂർ	799	73
കാസർഗോഡ്	566	176

(ഡി) 1-12-2014 മുതൽ 31-3-2014 വരെ ലഭ്യമായ അപേക്ഷകരിൽ നിന്ന് കൂടി ഗുണഭോക്താക്കളെ തിട്ടപ്പെടുത്താനുള്ള നടപടികൾ പൂർത്തിയായാൽ മാത്രമേ ഭൂമി നൽകാൻ ബാക്കി നിൽക്കുന്ന കുടുംബങ്ങളുടെ കൃത്യമായ കണക്ക് കൃത്യമായി കണക്കാക്കാൻ കഴിയുകയുള്ളൂ. എങ്കിലും ഉദ്ദേശം 2.6 ലക്ഷം കുടുംബങ്ങൾക്ക് ഭൂമി അനുവദിക്കാനുണ്ടെന്ന് കരുതുന്നു.

(ഇ) ചുരുക്കം ചില ആക്ഷേപങ്ങൾ ലഭിച്ചിട്ടുള്ളതിൽ ജില്ലാ കളക്ടർമാർ തന്നെ പരിഹാര നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) വീട് വയ്ക്കാൻ അനുയോജ്യമായതും വഴി സൗകര്യമുള്ളതുമായ ഭൂമികൾ മാത്രമാണ് പ്രസ്തുത പദ്ധതി പ്രകാരം പതിച്ച് നൽകാൻ തീരുമാനിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച് ചില ഗുണഭോക്താക്കൾ പരാതികൾ ഉന്നയിക്കുന്നതായിട്ടാണ് ശ്രദ്ധയിൽപ്പെടുന്നത്. പരാതികൾക്ക് ഇടയാക്കിയിട്ടുള്ള പ്ലോട്ടുകൾ അടിയന്തരമായി പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ജി) 2015 ഡിസംബർ മാസത്തോടുകൂടി മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂമി നൽകി പദ്ധതി പൂർത്തീകരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ഐ.എച്ച്.ഡി.പി. കോളനിയിലെ പട്ടയം ലഭിക്കുന്നതിനുള്ള അപേക്ഷ

126 (1162) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര താലൂക്കിൽ, വെളിയം വില്ലേജിലെ മാവൻകോട് ഐ.എച്ച്.ഡി.പി. കോളനിയിൽ പട്ടയം ലഭിക്കുന്നതിനായി എത്രപേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത അപേക്ഷകളിൻമേലുള്ള പരിശോധന നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ ;

(സി) അർഹരായവർക്ക് കാലതാമസം കൂടാതെ പട്ടയം വിതരണം ചെയ്യാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വെളിയം വില്ലേജിൽ മറവൻകോട് ഐ.എച്ച്.ഡി.പി. കോളനിയിൽ 160 പേർക്ക് മിച്ചഭൂമി പട്ടയം നൽകിയിരുന്നു. പട്ടയം ലഭിച്ച 160 അലോട്ടികളിൽ ഭൂരിഭാഗം പേരും കേരള ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഭൂമി അനധികൃത കൈമാറ്റം ചെയ്തിട്ടുള്ളതാണ്. ഇത്തരത്തിൽ അനധികൃത കൈമാറ്റം മൂലം ഭൂമി കൈവശം വച്ചുവരുന്നവർക്ക് പട്ടയം നൽകുന്നതിന് വ്യവസ്ഥയില്ലാത്തതിനാൽ മറവൻകോട് മിച്ചഭൂമിയിൽ പട്ടയം നൽകുന്നതിനായി അപേക്ഷ ക്ഷണിച്ചിട്ടില്ലാത്തതാണ്.

പുഴ മുതൽ പുഴവരെ

127 (1163) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുഴ മുതൽ പുഴവരെ എന്ന പദ്ധതിക്ക് റവന്യൂ വകുപ്പ് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) നദികളുടെ സംരക്ഷണത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് റവന്യൂ വകുപ്പിൽ എന്തെല്ലാം മോണിറ്ററിംഗ് സംവിധാനമാണ് ഒരുക്കിയിട്ടുള്ളത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുഴയെ അറിയുക, ആദരിക്കുക എന്ന സന്ദേശം മുൻനിർത്തി ഭാരതപ്പുഴ, അച്ചൻകോവിലാർ എന്നീ രണ്ട് നദികളിൽ ആരംഭിക്കുന്ന മാതൃകാ പദ്ധതിയാണ് പുഴ മുതൽ പുഴ വരെ പദ്ധതി. പ്രസ്തുത പദ്ധതി മുഖേന സംസ്ഥാനത്തെ

LIBRARY ARCHIVES Kerala Legislative Assembly